# ധനലക്ഷ്മിക്കും മക്കൾക്കും വെളിച്ചമായി വിശ്വാസ്

പാലക്കാട് ● ഭർത്താവിന്റെ വീട്ടിലെ പീഡനത്തെ തുടർന്ന് വൈദ്യുതി വിച്ഛേദിക്കപ്പെട്ട വീട്ടിൽ കഴിഞ്ഞിരുന്ന ധനലക്ഷ്മിക്കും മക്കൾക്കും വെളിച്ചവുമായി വിശ്വാസ് പ്രവർത്തകർ.

മാങ്കാവ് എടയാർസ്ട്രീറ്റിലാണ് അമ്മയും മക്കളും ദുരിതമനുഭവിച്ചിരുന്നത്. പ്ലസ് ടുവിനും ഏഴിലും പഠിക്കുന്ന കുട്ടികൾക്കൊപ്പമാണ് ധനലക്ഷ്മി ഭർത്താവിന്റെവീട്ടിൽ കഴിയുന്നത്. പീഡനത്തെ തുടർന്നുള്ള പരാതിയും നടപടികളും കാരണം ഭർതൃമാതാവിന്റെ അപേക്ഷയനുസരിച്ച് അധികൃതർ വീട്ടിലേക്കുള്ള വൈദ്യുതി വിച്ഛേദിക്കുകയായിരുന്നു. അതോടെ കുട്ടികളുടെപരീക്ഷാപഠനം താറുമാറായി. പ്രശ്നം പരിഹരിച്ചുകിട്ടാൻ അധികൃതരെ പലപ്പോഴായി സമീപിച്ചെങ്കിലും ഫലമുണ്ടായില്ല. കേസിനെ തുടർന്ന് ഭർത്താവ് ഒളിവിലാണെന്നു പൊലീസ് പറഞ്ഞു. ഭർത്താവിന്റെ സഹോദരന്റെ വീട്ടിലാണ് അമ്മ താമസിക്കുന്നത്.

വീട്ടിൽ നിന്നു ധനലക്ഷ്മിയെയും മക്കളെയും ഒഴിവാക്കാനുള്ള സമ്മർദ്ദത്തിന്റെ ഭാഗമായാണ് ഉപദ്രവങ്ങളെന്നു പൊലീസ് സൂചിപ്പിച്ചു.

കുടുംബത്തിന്റെ വിഷമാവസ്ഥ മനസിലാക്കിയ വിശ്വാസ് പ്രവർത്തകർ വീടുസന്ദർശിച്ചു. ജില്ലാ സ്ത്രീപ്രൊട്ടക്ഷൻ ഓഫിസർ ശ്രീലത മുഖേന ഗാർഹിക പീഡന നിരോധന നിയമമനുസരിച്ച് പാലക്കാട് ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ നിന്നു ധനലക്ഷ്മിക്കും കുട്ടികൾക്കും വീട്ടിൽ താൽക്കാലികമായി താമസിക്കാനുള്ള ഉത്തരവ് നേടി.

കുടുംബത്തിനു വേണ്ടി അഡ്വ.യു.സുരേഷ്കുമാർ ഹാജരായി. കുട്ടികളുടെ പഠനത്തിനും താമസത്തിനും ആവശ്യമായ സോളർപാനലുകളും ലൈറ്റുകളും വിശ്വാസിന്റെ നേതൃത്വത്തിൽ പ്രോംപ്റ്റ് ചാരിറ്റബിൾ ട്രസ്റ്റാണു നൽകിയത്.

വിശ്വാസ് വൈസ് പ്രസിഡന്റ് വി.പി.കുര്യാക്കോസ്, സെക്രട്ടറി പി.പ്രേംനാഥ്, പാരാ ലീഗൽ വൊളന്റിയർമാരായ പി.വിക്ടോറിയ, എൻ.പ്രഭാകരൻ എന്നിവർ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി.